# ജാമക്കാരൻ
# JAMAKKARAN

**VOLUME - 7** **Reg NO.TNBIL/2016/70171** **ISSUE - 1**

**JANUARY - 2023 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333




കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു സകല കൃപയും സമൃദ്ധിയും ലഭിക്കുമാറാകട്ടെ.

കഴിഞ്ഞ മാസങ്ങളിൽ രണ്ടു മൂന്നു മാസങ്ങളിലെ മാസിക ഒരുമിച്ചു നിങ്ങളുടെ കൈകളിൽ ലഭിച്ചിരിക്കും. കൊറോണ ലോക്ക്ഡൗൺ കാലത്ത് നിന്ന് മാസാമാസം അയക്കാതെ മൂന്നുമാസം രണ്ടു മാസം ഇങ്ങനെ മാസിക ഒരുമിച്ചു അയച്ചു എങ്ങനെയോ മാസിക മുടങ്ങാതെ നിങ്ങളുടെ കൈകളിൽ എത്തിക്കണം എന്ന ആഗ്രഹം ദൈവം നിറവേറ്റിത്തന്നു. വളരെ വേഗത്തിൽ അതതു മാസത്തിൽ മാസിക ലഭിക്കാൻ കർത്താവു സഹായിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഇന്ത്യയിൽ മുൻപ് എപ്പോഴും ഇല്ലാത്ത വിധത്തിൽ ഹൈന്ദവ അമ്പലങ്ങൾ പുതുക്കിപ്പണിയുന്നതും വിഗ്രഹങ്ങൾ എടുത്തുകൊണ്ടു


ജാമക്കാരൻ JAMAKKARAN

ഘോഷയാത്ര നടത്തുന്നതും വർദ്ധിച്ചു. ഇതിനുവേണ്ടി ആർ.എസ്.എസ്. ഹൈന്ദവ തീവ്രവാദ ഗ്രൂപ്പുകൾ ജോലിയില്ലാത്ത യുവാക്കൾക്ക് ഇന്ത്യ മുഴുവനും പൈസ കൊടുത്ത് ഈ ആഘോഷത്തിന് ഏർപ്പാടുകൾ ചെയ്യാൻ ഉത്സാഹിപ്പിക്കുന്നു. ജോലി ലഭിക്കാത്ത ആ യുവാക്കൾ കൈ നിറച്ചു പൈസ കിട്ടുമ്പോൾ വൈരാഗ്യത്തോടും വെറിയോടും ഈ വിഗ്രഹഘോഷയാത്ര വടക്കു മുതൽ തെക്കു തമിഴ്നാടു വരെ പദ്ധതിയിട്ടു നടത്തിക്കൊണ്ടു വരുന്നു. ബി.ജെ.പി. ഗവൺമെന്റും ലോകജനങ്ങളെ ആകർഷിക്കാൻ മുന്നൂറു അടി ഉയരമുള്ള ഹനുമാന്റെ വിഗ്രഹവും രാമന്റെ വിഗ്രഹവും പല കോടികൾ ചെലവാക്കി നിർമ്മിച്ചു. അത് ജനങ്ങൾ കാണാനും തൊഴാനും ഇന്ത്യയിൽ പല സ്ഥലത്തു നിന്നും യാത്ര ചെയ്യുവാനും ഏർപ്പാടു ചെയ്യുന്നു. അതിനുവേണ്ടി റെയിൽവേ ഡിപ്പാർട്ടുമെന്റും അവർ ഉപയോഗിക്കുന്നു. വിശുദ്ധസ്ഥല സന്ദർശനം എന്നു പറഞ്ഞു കാശി മുതൽ രാമേശ്വരം വരെ സ്പെഷ്യൽ ട്രെയിൻ ഏർപ്പാടു ചെയ്തു ജനങ്ങളെ വിഗ്രഹത്തെ തൊഴുവാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. ഇതു ദൈവത്തിന്റെ ദേഷ്യത്തെ വർദ്ധിപ്പിക്കും. നാട്ടിൽ പണക്കുറവുകളും പഠിച്ച കുട്ടികൾക്കു ജോലി ഇല്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ കാലത്തിൽ സംസാരിക്കാത്ത, ചെവി കേൾക്കാത്ത കല്ലുകളാൽ മനുഷ്യൻ ഉണ്ടാക്കിയ വിഗ്രഹങ്ങൾക്കു ശക്തി ഉണ്ടെന്നു പറഞ്ഞു ജനങ്ങളെ വഞ്ചിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് **ഒരേ മതം ഒരേ ദൈവം ഒരേ ഭാഷ, ഒരേ റേഷൻ കാർഡ്** ഇങ്ങനെ പുതിയ പദ്ധതികൾ ഉണ്ടാക്കി പരിചയപ്പെടുത്തുന്നു. ഇതിനെ, പണ വെട്ടിപ്പിൽ അകപ്പെട്ട, പല ബിഷപ്പുമാരേയും മോഡറേറ്ററേയും എല്ലാ മതവും ഒന്ന് മതസൗഹാർദം എന്ന പേരിൽ വിഗ്രഹത്തെ തൊഴുവാൻ രഹസ്യ ഏർപ്പാടുകൾ നടത്തുന്നതായി ഞാനറിയുന്നു. ഇതു വിഗ്രഹത്തെ വന്ദിക്കുന്ന നമ്മുടെ ദൈവത്തിനു വലിയ ദേഷ്യം ഉണ്ടാക്കും. വിഗ്രഹമേ ഇല്ലാത്ത അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ ദേശങ്ങളിൽ ജനാധിപത്യം എന്ന പേരിൽ അമ്പലങ്ങളെ പണിയാൻ അനുവാദം കൊടുത്തിരിക്കുന്നു. അതിനെ ആരാധിക്കാൻ പ്രത്യേക വിസ അയച്ചു വർഷത്തിനു ഒരു ബ്രാഹ്മണ പൂജാരിയെ വരുത്തുന്നു. വർഷത്തിൽ ഒരു പ്രാവശ്യം പെരുന്നാൾ സമയത്തും പല ഹൈന്ദവ ദൈവങ്ങളെക്കുറിച്ചു പ്രസംഗിക്കുന്ന ആളുകളെ കണ്ടെത്തി യോഗങ്ങൾ ഏർപ്പാടു ചെയ്യുന്നു. സായിപ്പൻമാർ അതിൽ സംബന്ധിക്കുന്നു.


നമ്മുടെ ദൈവം വിഗ്രഹാരാധന വെറുക്കുന്നവൻ എന്നു ഉല്പത്തി പുസ്തകം മുതൽ നാം വായിച്ചുകൊണ്ടു വരുന്നു.

ചില വർഷങ്ങളായിട്ടുതന്നെ ചില ക്രിസ്തീയ സഭകൾ, ബിഷപ്പുമാർ ഈ ഹൈന്ദവ പെരുന്നാളുകളെ ക്രിസ്തീയ പള്ളികൾക്കുള്ളിൽ കൊണ്ടു വരുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

മദ്രാസ് ഡയോസിസ് ബിഷപ്പ് അസറിയ അച്ചന്മാരോടു ചേർന്ന് ഭദ്രകാളിയെ അമ്പലത്തിൽ പോയി തൊഴുതത് ജാമക്കാരനിൽ എഴുതിയിരുന്നു അത് വായനക്കാർ അറിഞ്ഞിരിക്കും.

മാർത്തോമാ സഭയുടെ മരിച്ചുപോയ വലിയ തിരുമേനി ക്രിസോസ്റ്റം ഈ വിഷയത്തിൽ മുന്നോടിയായി കൃഷ്ണൻ കോവിലിൽ ചെന്നു മാലയിട്ടു തൊഴുതത് മനോരമ പത്രത്തിലും ജാമക്കാരനിലും പരസ്യപ്പെടുത്തിയതു നിങ്ങൾക്കു ഓർമ്മയുണ്ടെന്നു വിചാരിക്കുന്നു. സൗത്ത് കേരള ഡയോസിസിൽ ബിഷപ്പ് ശാമുവേൽ അമൃതം തീവ്ര ശിവഭക്തനായതു ഡയോസിസ് മാസികയിൽ എഴുതി. ഓണം കേരള സംസ്കാരം അതുകൊണ്ടു അതു ആഘോഷിക്കുന്നതിൽ തെറ്റില്ല എന്ന പരസ്യം കൊടുത്തു. കേരള സംസ്കാരം വേറെ കേരള മക്കൾ പ്രാർത്ഥിക്കുന്ന ഹൈന്ദവ ദൈവങ്ങൾ വേറെ, ആ സംസ്കാരത്തിന്റെ ഇടയിൽ ആ ദൈവത്തെ പ്രാർത്ഥിക്കുന്നതു ഉപേക്ഷിക്കുവാൻ സാധിക്കുന്നില്ല. അതു സഭകളിൽ കൊണ്ടു വന്ന് സഭാജനങ്ങളെ ആരാധിക്കുവാൻ നിർബന്ധിപ്പിക്കുന്നതു കേടാണ്. ഹൈന്ദവ ഗ്രന്ഥമായ ഗീത പള്ളികളിൽ വായിക്കണം എന്നതു ഞാൻ മാസികയിൽ എതിർത്ത് എഴുതിയതുകൊണ്ട് സഭാജനങ്ങളും അച്ചൻമാരും എന്നെ പുകഴ്ത്തി കത്തുകൾ എഴുതി. താഴെ ഉള്ള ഫോട്ടോകളിൽ മദ്ധ്യ കേരളാ ഡയോസിസ് മുൻ മോഡറേറ്ററും ബിഷപ്പുമായ ഉമ്മൻ കോശി അവർകൾ പൂജാരികളെ വരുത്തി ഹൈന്ദവ ദൈവങ്ങളെ പൂജ നടത്തുന്നതും താനും കൈകൂപ്പി തൊഴുന്നതും നമുക്കു കാണാം. അതേ മാതിരി ഓർത്തഡോക്സ് ബിഷപ്പ് അവർകളും വിഗ്രഹാരാധന ചെയ്യുന്നത് ഫോട്ടോകളിൽ നിങ്ങൾക്കു കാണാം. ഇതെല്ലാം കാണുമ്പോൾ യഥാർത്ഥ ദൈവത്തിന്റെ മനസ്സലിവു ദേഷ്യമായി മാറി കൊറോണാരോഗത്തിൽ വന്നു. യിസ്രായേൽ പാളയത്തിൽ

ലക്ഷക്കണക്കിന് ജനങ്ങളെ ദൈവം തന്നെ കൊന്നതുപോലെ, മരിച്ചു ശവശരീരത്തെ ഇടാൻ പോലും കുഴികൾ വെട്ടാൻ ആളുകൾ കിട്ടാത്ത സ്ഥിതി പല സ്ഥലത്തിൽ ഉണ്ടായതായി അറിഞ്ഞു. ഇതു കാരണം ഹിന്ദു മുസ്ലീം ക്രിസ്ത്യാനി എല്ലാപേരെയും ഒറ്റുക്കുഴിയിലാക്കി. ലോകം മുഴുവൻ ഉള്ള ജനങ്ങൾ ദൈവത്തിന്റെ മനസ്സു വേദനിപ്പിച്ച വേറെ ചില കാരണങ്ങളാലും ബാധിക്കപ്പെട്ടു. എന്നിട്ടും ജനങ്ങൾക്ക് ബുദ്ധി തെളിഞ്ഞിട്ടില്ല. ആ ചില മാസങ്ങൾ ഉണ്ടായ ദയവും ഭക്തിയും മാറിപ്പോയി. ഇതു ഇസ്രായേൽ ജനങ്ങളുടെ കാലം മുതൽ നടക്കുന്നതാണ്.



**Former Church of South India Moderator and Madhya Kerala Bishop taking Part in Hindhu Pooja ritual**

## STOP HIS PENSION IMMEDIATELY

കർത്താവു പറയുന്നതു അന്യദൈവങ്ങളുടെ വഴികളെ നിങ്ങൾ ആരും, പിൻ പറ്റരുത്. വിഗ്രഹങ്ങളെ ഉണ്ടാക്കരുത്. സേവിക്കരുത് എന്നെല്ലാം തന്റെ ജനത്തെ ഉപദേശിച്ചു. ചില രാജാക്കന്മാർ അതു അനുസരിച്ചു ജനങ്ങൾ ആരാധിച്ച ബാൽ ബലി പീഠങ്ങളെ തകർത്തു. ചിലർ ബാലിന്റെ വിഗ്രഹത്തെ

മാത്രം തകർത്ത് പീഠങ്ങളെ അതുപോലെ വെച്ചു. അതു ഒരു പിശാചിന്റെ തന്ത്രമാണ്. വീണ്ടും ആ പീഠത്തിൽ വിഗ്രഹങ്ങളെ കൊണ്ടു വരുവാൻ സാദ്ധ്യത ഉണ്ട്. യിസ്രായേലിൽ ഒരു രാജാവ് അപ്പന്റെ വഴിയ പിൻഗമിച്ചു യിസ്രായേലിന്റെ ദൈവത്തെ തൊഴുതു എന്നാൽ മുഴു ഹൃദയത്തോടെ അങ്ങനെ ചെയ്തില്ല എന്നു എഴുതിയിരിക്കുന്നു. പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും ദൈവത്തെ സ്നേഹിക്കണം എന്നാണ് കല്പന. ഇങ്ങനെ പൂർണ്ണ ഹൃദയത്തോട് ദൈവത്തെ സ്നേഹിക്കാത്തതുകൊണ്ടു വിഗ്രഹ ആരാധനക്കു കടന്നുപോയി ദൈവത്തിന്റെ മനസ്സിനെ വേദനിപ്പിച്ചു.

വേദവചനത്തിന് വിശുദ്ധമായിട്ടുള്ള, ദൈവത്തിന് വെറുപ്പുണ്ടാക്കുന്ന ഇങ്ങനെയുള്ള വിഗ്രഹാരാധനയിൽ ക്രിസ്ത്യാനികൾ ഒരിക്കലും പങ്കുകൊള്ളരുത്.

ചിലപ്പോൾ ബിഷപ്പുമാരുടെ ദേഷ്യം ഇതുകാരണം ഉണ്ടാകും. അച്ചന്മാർ സഭാജനങ്ങൾ ഉപദേശിമാർ ഇവരുടെമേൽ ഉണ്ടാകും. ഇങ്ങനെ സംഭവിക്കും എന്നു ദൈവം നമുക്കു മുന്നറിയിപ്പു തന്നിട്ടുണ്ട്. നിങ്ങളെ അറസ്റ്റ് ചെയ്യും സഭ മുടക്കും എന്നെല്ലാം മത്തായി സുവിശേഷത്തിൽ ദൈവം വ്യക്തമായി എഴുതിയിട്ടുണ്ട്. ഇതിൽ **എല്ലാം മനവും ഒന്നു എല്ലാം ദൈവവും ഒന്നു** എന്നുള്ളതിന് ഇടമില്ല വഞ്ചിക്കപ്പെടരുത്. യേശു പറഞ്ഞ ഉപദേശം **ഞാൻ തന്നെ വഴി ഞാൻ തന്നെ ജീവൻ ഞാൻ തന്നെ സത്യം ഞാൻ തന്നെ വാതിൽ എന്നാണ്**.

ഇങ്ങനെയുള്ള ബിഷപ്പുമാർക്ക് കിട്ടാനുള്ള ശിക്ഷാവിധി ഇപ്പോൾ അവർ അറിയുന്നില്ല. ഇങ്ങനെയുള്ള ബിഷപ്പുമാരെ ഞാൻ വളരെ അടുത്ത് അറിയും. ഇങ്ങനെയുള്ള ബിഷപ്പുമാരുടെ കുടുംബത്തിൽ സമാധാനം നഷ്ടപ്പെട്ടു സന്തോഷം നഷ്ടപ്പെട്ടു കുട്ടികൾ മുഖാന്തരം പ്രശ്നങ്ങൾ അനുഭവിക്കുന്നതു ഞാൻ അറിയും. ഇതു ദൈവത്തിന്റെ ഒരു സാധാരണ മുന്നറിയിപ്പു മാത്രം. യഥാർത്ഥ ശിക്ഷ അവർക്കുവേണ്ടി കാത്തിരിക്കുന്നു. തീർച്ചയായും അവർ അത് അനുഭവിക്കും. ജീവനോടുള്ള ബിഷപ്പുമാർ ഞാൻ എഴുതുന്നതു അറിഞ്ഞു മനസ്താപപ്പെട്ട് മാനസാന്തപ്പെട്ടു ദൈവത്തോടു മാപ്പു ചോദിച്ചാൽ

മനസ്സലിവുള്ള ദൈവം അതു ക്ഷമിക്കാൻ ആഗ്രഹത്തോടു കാത്തിരിക്കുന്നു. വേദപുസ്തകം അറിഞ്ഞ ഈ ബിഷപ്പുമാർ ദൈവത്തിന് ഇഷ്ടമില്ലാത്ത വിഗ്രഹാരാധന ചെയ്യുന്നവരോടു ആ ഉപദേശത്തിന് എന്തിനാണ് യോജിച്ചു പോകുന്നത്. ഇവർക്കെല്ലാം കേന്ദ്രഗവൺമെന്റ് തന്നെ ഏതെങ്കിലും കുറ്റത്തിൽ പിടിക്കും എന്ന ഭയമാണ്.

പഴയനിയമകാലത്തിൽ ദാനിയേൽ ശദ്രക് മേശക് അബേദ് നെഗോ എന്നിവർ തടവുകാരായി ജയിലിൽ ഇരുന്നാലും തനിക്ക് പദവി ഉയർച്ച കിട്ടിയിട്ടും രാജാവിന്റെ കല്പനക്കു വിഗ്രഹത്തെ ആരാധിക്കാൻ സമ്മതിച്ചില്ല. അതുകൊണ്ടു സംഭവിക്കാൻ പോകുന്നത് അവർക്ക് അറിയാം. എന്നാൽ യഥാർത്ഥ ദൈവത്തെ മനസ്സിലാക്കി ഭയഭക്തിയോടെ ആരാധിച്ചതുകൊണ്ടു രാജാവിന്റെ കല്പന അനുസരിച്ചില്ല. സംഭവിച്ചതു നമുക്ക് അറിയാം സിംഹഗുഹയിൽ ഇട്ടു, തീച്ചൂളയിൽ ഇട്ടു പലവിധ ശിക്ഷകൾ വിധിച്ചിട്ടും ഇവരോടുകൂടെ നില്ക്കുന്നതും സഹായിക്കുന്നതും ജീവനുള്ള ദൈവം എന്നു മനസ്സിലാക്കിയതുകൊണ്ടു താമസിക്കാതെ രാജാവ് വിളിച്ചു പറഞ്ഞു ഇവരുടെ ദൈവമാണ് യഥാർത്ഥ ദൈവം, ദേശം മുഴുവനും ഇവരുടെ ദൈവത്തെ ആരാധിക്കണം എന്നു കല്പനയും പുറപ്പെടുവിച്ചു. ശിക്ഷയുടെ ഇടയിൽ ദൈവം ചെയ്ത അത്ഭുതപ്രവർത്തിയെ കണ്ടോ. വിശുദ്ധ ഉപദേശത്തിൽ ഉറച്ചു നിന്നതുകൊണ്ടു ദൈവത്തിന്റെ സമ്മാനവും ബഹുമാനവും ആ മിനിറ്റിൽ തന്നെ കിട്ടി. ഇതു വായിക്കുന്ന സി.എസ്.ഐ, മാർത്തോമാ സഭാജനങ്ങൾ ഭാരവാഹികൾ അച്ചന്മാർ ശ്രദ്ധിക്കണം. വചനവിരുദ്ധമായി ബിഷപ്പുമാർ എന്തുചെയ്താലും ശിക്ഷയെ പ്രതീക്ഷിച്ചു അവരുടെ ദുഷ്പ്രവർത്തിക്കു കൂട്ടു നില്ക്കരുത് ധൈര്യമായിട്ടു നമുക്ക് ദൈവത്തെക്കുറിച്ചു ഉറപ്പുണ്ടെങ്കിൽ പ്രസംഗത്തിൽ തന്നെ വിളിച്ചു പറയാം. അന്ന് ഏലിയാവു പറഞ്ഞതു പോലെ ബാൽ ദൈവമായാൽ ബാലിനെ ആരാധിക്കണം യഹോവ ദൈവമായാൽ യഹോവയെ ആരാധിക്കണം. ഇവിടെ ഒരു കാൽ അവിടെ ഒരു കാൽ വച്ച എല്ലാവരേയും തൃപ്തിപ്പെടുത്താൻ ശ്രമിക്കരുത്.

എന്റെ 51 വർഷ ദൈവവേലയിൽ ബിഷപ്പുമാരെ തൃപ്തിപ്പെടുത്തണം എന്റെ മാതാപിതാക്കളെ എന്റെ കുടുംബത്തെ തൃപ്തിപ്പെടുത്തണം എന്നു

ചിന്തിച്ചിരുന്നാൽ എന്റെ ഉപദേശം, ജാമക്കാരനിൽ എഴുതുന്ന എഴുത്ത് എല്ലാം മാറിയിരിക്കും. തെറ്റു ചെയ്യുന്ന ബിഷപ്പുമാരെ ചൂണ്ടിക്കാണിച്ചതുകൊണ്ടു തെറ്റായ ഉഫദേശം പഠിപ്പിക്കുന്ന പെന്തെക്കോസ്തു പാസ്റ്റർമാരെ ജനങ്ങൾക്കു അടയാളം കാണിച്ചതുകൊണ്ടു എല്ലാവരാലും ഞാൻ വെറുക്കപ്പെട്ടു. സഭകളിൽ എന്റെ ദൈവവേലയുടെ വാതിലുകൾ വേഗം വേഗമായ് അടഞ്ഞു. അടഞ്ഞ അതേ സ്ഥലത്തു തന്നെ ബിഷപ്പിനെ ഭയപ്പെടാതെ ദൈവത്തെ ഭയപ്പെടുന്ന അച്ചന്മാരും പാസ്റ്റർമാരും എന്നെ സ്നേഹിച്ച് ദൈവവേലയിൽ എനിക്കു പുതിയ വാതിൽ തുറന്നു സഹായിച്ചു പണംകൊടുത്തു തെറ്റായ ഉപദേശത്തിൽ കൊണ്ടു പോകാൻ ശ്രമിച്ചവർ ധാരാളം ഉണ്ട്. അവർ പറഞ്ഞതിനു ഞാൻ അനുസരണ കാണിച്ചിരുന്നാൽ എന്റെ വീട് കൊട്ടാരമായി മാറിയിരിക്കും. പക്ഷെ ഇപ്പോൾ ദൈവസമാധാനം എന്റെ ഉള്ളിലും എന്റെ ഭാര്യയുടെ ഉള്ളിലും നിറഞ്ഞു കവിഞ്ഞതുകൊണ്ടു 83 വയസ്സിലും പഴയതുപോലെ ദൈവം എന്നെ കൃപയായി ഉപയോഗിക്കുന്നു. എന്റെ ഉള്ളിൽ പരിശുദ്ധാത്മാവു നിറവു നിറഞ്ഞു കവിഞ്ഞതു അന്യഭാഷ്യ വഴിയായി കാണിക്കാനെ പ്രവർത്തിയിലും വിശ്വാസത്തിലും കാണിക്കുന്നു. അതുകൊണ്ട് ഇത്ര വർഷങ്ങൾ വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നു. പ്രസംഗം തുടങ്ങുമ്പോൾ പ്രാർത്ഥന തുടങ്ങുമ്പോൾ സൗഖ്യം വന്നതു ധാരാളം പേർ ഇതിനെ ഞാൻ പ്രത്യേകം പറയാൻ കാരണം. നമ്മുടെ ഭാരത ദേശത്തിൽ വർദ്ധിക്കുന്ന വിഗ്രഹ ആഘോഷങ്ങളും ഘോഷയാത്രകളു മാണ്.

20 വർഷത്തിനു മുമ്പ് വിനായക ചതുർത്ഥി ഘോഷയാത്രയിൽ വിനായകനെ കൊണ്ടു പോകുന്നതു നാമാരും കണ്ടിട്ടില്ല. പക്ഷെ ഇപ്പോൾ ലക്ഷക്കണക്കായ വിനായക വിഗ്രഹങ്ങളെ, മനുഷ്യർ ചുമന്നു കൊണ്ടു പോകാൻ സാധിക്കാത്ത അത്ര വലിയ വിഗ്രഹങ്ങളെ ക്രയിൻ കൊണ്ടു ചുമന്നുപോകുന്നതു നാം കാണുന്നു. അക്കൂട്ടത്തിൽ സംബന്ധിക്കുന്ന ജനങ്ങൾക്ക് എന്തുകൊണ്ടു ചെയ്യുന്നു എന്തിനുവേണ്ടി ചെയ്യുന്നു എന്ന് അറിയില്ല. തങ്ങൾ ആരാധിച്ച ദൈവത്തെ അവർ തന്നെ വെള്ളത്തിൽ ഇട്ട് കാലുകൊണ്ടു ചവിട്ടി വിഗ്രഹത്തെ നശിപ്പിക്കുന്നു. ഇപ്പോൾ അവരുടെ ദൈവം എവിടെ? പിശാചു അവരുടെ കണ്ണുകളെ കുരുടാക്കി ചിന്തിക്കാൻ

അനുവദിക്കുന്നില്ല. നാം അവർക്ക് അത് അറിയിച്ചു കൊടുക്കണം. നമ്മെയാണ് ദൈവം അവർക്കു വെളിച്ചമായി; ഉപ്പായി ഏർപ്പാടു ചെയ്തിരിക്കുന്നു. ശബരിമലക്കു വരുന്ന ജനങ്ങൾ കുറഞ്ഞു പോയതായി ഞാനറിഞ്ഞു. മാത്രമല്ല അവരവരുടെ ജില്ലകളിൽ തന്നെ അയ്യപ്പകോവിൽ പണിതു ആരാധിക്കാൻ തുടങ്ങി. കൊറോണ ലോക്ഡൗൺ കഴിഞ്ഞശേഷം വീണ്ടും ജനം ശബരിമലക്കു വരാൻ തുടങ്ങി. ശബരിമല ഗുരുവായൂർ പത്മനാഭ ക്ഷേത്രം എല്ലായിടത്തും കൂട്ടം നിറഞ്ഞു കവിയുന്നു. പഠിത്തം ഉള്ളവരും ഇല്ലാത്തവരും എന്തു കൊണ്ടു കൂടിവരുന്നു എന്നു അറിയാതെ കൂടിവരുന്നു. ഇതെല്ലാം കാണുമ്പോൾ എന്റെ മനസ്സിന്റെ ഉള്ളിൽ കർത്താവെ ഇവരുടെ കണ്ണുകളെ ദൈവം തുറക്കണം ഇതിനൊരു അവസാനം ഉണ്ടാകണം. അതിനുവേണ്ടിയാണു ക്രിസ്ത്യാനികളെ നീ തിരഞ്ഞെടുക്കുന്നത്. നീ തിരഞ്ഞെടുക്കുന്ന എന്റെ ജനം എന്നു അവകാശത്തോടു പറഞ്ഞവരുടെ നേതാക്കൾ തന്നെ അവരോടു യോജിച്ച് പിൻഗമിച്ച് ചെല്ലുമ്പോൾ സഭാ ജനങ്ങൾ എന്തു ചെയ്യും? മിഷനറി പ്രവർത്തനത്തിന് ഉത്സാഹം കുറഞ്ഞുപോയി. ഇടയൻ ഏതു വഴിയോ ആടുകളും അതുവഴി. മനസ്സലിവുള്ള കർത്താവേ കൊറോണയുടെ ശിക്ഷ മതി ഈ ജനങ്ങളെ യഥാർത്ഥ ക്രിസ്ത്യാനികളാക്കുവാൻ ഒരു പുതിയ ഉണർവുണ്ടാക്കണം കർത്താവേ, മാർട്ടിൻ ലൂതർ കാലത്ത് ഉണ്ടായ അതേ ഉണർവു ഇപ്പോഴും ഉണ്ടാകണം. മുമ്പു ദൈവപുത്രൻ പറഞ്ഞു ചെന്നായ്ക്കളുടെ നടുവിൽ ഞാൻ നിങ്ങളെ അയയ്ക്കുന്നു എന്നു പക്ഷെ ഇപ്പോൾ ജനങ്ങൾക്കുള്ളിൽ തന്നെ ഒത്തിരി ചെന്നായ്ക്കൾ ബിഷപ്പിന്റെ രൂപത്തിലും നേതാക്കളുടെ രൂപത്തിലും വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്.

കർത്താവേ നിന്റെ വരവിന്റെ അടയാളങ്ങൾ ജനങ്ങൾ കേട്ടിട്ടും പല പ്രസംഗങ്ങൾ കേട്ടിട്ടും ഉണർവ്വില്ലാതെ ഇരിക്കുന്നു. നിന്റെ രണ്ടാമത്തെ വരവു ലോകജനങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ എന്നു അങ്ങു പറഞ്ഞു. സഭയെ അതിനായി ഒരുക്കണം. സഭയ്ക്കുള്ളിലും അച്ചന്മാരുടെ ഇടയിലും ബിഷപ്പുമാരുടെ ഇടയിലും മാസാന്തരം ഉണ്ടാകട്ടെ. ജനങ്ങൾ മരത്തിന്റെ ചുവട്ടിലും മൈതാനത്തും കൂടി കരഞ്ഞു പ്രാർത്ഥിക്കുന്ന ശബ്ദം ഉണ്ടാകട്ടെ. നീ അയച്ച പരിശുദ്ധാത്മാവു തന്നെ അങ്ങനെ ഉണർത്തണം. യിരെമ്യ

പറഞ്ഞതു പോലെ എന്റെ തല വെള്ളവും എന്റെ കണ്ണുകൾ കണ്ണീരുമായി നിറഞ്ഞിരിക്കണം. ആ കരഞ്ഞു പ്രാർത്ഥിക്കുന്ന അനുഭവം ഇതു വായിക്കുന്ന ഞങ്ങൾക്ക് ഓരോരുത്തർക്കും നല്കണം. ഞങ്ങൾ വിവിധ സഭയായി ഇന്ത്യയിലും വിദേശത്തും ഇരുന്നാലും പരിശുദ്ധാത്മാവിനാൽ ഒന്നുചേർന്ന് ആത്മാക്കൾക്കായി പ്രാർത്ഥിക്കുന്ന വ്യക്തികളായി മാറട്ടെ. ജോലി അല്ലോങ്കിൽ തൊഴിൽ കഴിഞ്ഞു വീട്ടിൽ വന്നശേഷം തനിച്ചിരുന്നു പ്രാർത്ഥിക്കാൻ ഞങ്ങൾ ഓരോരുത്തർക്കും ഒരു മിസ്പാ വേണം കർത്താവേ. അതിന്നായി ഞങ്ങൾ ഒരുങ്ങണം. ഊണു കഴിക്കാൻ മറക്കുന്നില്ല ഉറങ്ങാൻ മറക്കുന്നില്ല. നിന്നോട് ഉറ്റവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ഒരുക്കി വച്ച സമയം ഞങ്ങൾ മറന്നു. അതു വീണ്ടും പുതുക്കാൻ ഉണർത്തണം.

ഈ പ്രാർത്ഥനയോടു ഈ മാസത്തിന്റെ എഡിറ്റോറിയൽ ഞാൻ അവസാനിപ്പിക്കുന്നു.

- ☐ ഈ ദൈവവേലയിൽ പണസഹായം ചെയ്ത എല്ലാവരേയും അനുഗ്രഹിക്കണം.
- ☐ പ്രാർത്ഥിക്കാൻ വേണ്ടി എഴുതിയ പ്രാർത്ഥനാ കുറിപ്പുകൾക്കു ദൈവം മറുപടി തരണം. അവരെ സന്തോഷപ്പെടുത്തണം. സൗഖ്യപ്പെടുത്തണം. കടങ്ങൾ മാറണം ഈ അത്ഭുതം ചെയ്തതു നീ തന്നെ എന്നു അവർ മനസ്സിലാക്കണം. ദൈവനാമത്തെ സ്തുതിക്കുന്നു.
- ☐ മാസിക ആവശ്യമുള്ളവർ എന്റെ വിലാസത്തിൽ എഴുതിയാൽ വരിസംഖ്യയില്ലാതെ മാസിക അയച്ചു തരും.

ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ഈ മാസ ചിന്താവിഷയം പിറന്നാൾ വാക്യം

**ആർ. സ്റ്റാൻലി (BYM)**



**Bro. R. Stanly,** B.E., M.Tech.



നമ്മുടെ ജീവിതത്തിൽ പിറന്നാൾ ഒന്നു നന്നായി ആഘോഷിക്കും. അല്ലെങ്കിൽ അതു ഓർക്കാതെ പോകും. ആഘോഷങ്ങൾ കൊമേഷ്സ്യൽ ആകുമ്പോൾ അതു തെറ്റായി മാറുന്നു. എന്റെ ജീവിതത്തിൽ 12 മാസങ്ങളിൽ ഞാൻ വളരെ സന്തോഷത്തോടെ പ്രതീക്ഷിക്കുന്നതു ഫെബ്രുവരി മാസം തന്നെ. കാരണം ആ മാസത്തിൽ 13–ാം തീയതി ഞാൻ ജനിച്ചു. എന്റെ ഭാര്യ ഡോ. ലിലിയൻ സ്റ്റാൻലി അതേമാസം 22–ാം തീയതി ജനിച്ചു. ലോകത്തിൽ ജഢരീതിയായ എന്റെ പിറന്ന നാളെക്കാൾ (Birthday) ആത്മീക രീതിയായ ഞാൻ അനുഭവിച്ച മാനസാന്തര ദിവസം തന്നെ (Birthday) അധിക പ്രധാനമായി ഞാൻ കരുതുന്നു. എന്നാലും നാം ജനിക്കാതെ മാനസാന്തര ജനനം എവിടെ? ജനനം എന്നുള്ളതു നമ്മെ ദൈവത്തിന്റെ അഴകുള്ള ലോകത്തിൽ കൊണ്ടുവന്നതാണ്.

ആദം, ഹവ്വ, മൽക്കിസേദേക് ഇവർക്കൊഴികെ ഈ ലോകത്തിൽ എല്ലാവർക്കും പിറന്നനാൾ ഉണ്ട് (എബ്രാ. 7:3). കമ്പ്യൂട്ടറിൽ ഗൂഗിളിൽ ഫെബ്രുവരി മാസം ജനിച്ചവർ പ്രസിദ്ധിയുള്ളവർ ആര് എന്നു നോക്കി ഗ്രാമഫോൺ, ഇലക്ട്രിക് ലൈറ്റ്, സിനിമ, ട്രാക്ടർ ഇങ്ങനെ കണ്ടു പിടിത്തങ്ങൾ നടത്തിയ തോമസ് ആൾവാ എഡിസൺ ജനിച്ചത് 1846 ഫെബ്രുവരി 11 ന് ആണ്. അതുപോലെ പല ഗവേഷണങ്ങൾ നടത്തിയ ഗലീലിയോ ജനിച്ചതും 1564 ഫെബ്രുവരി 15 ന് ആണ്. അമേരിക്കയുടെ ചരിത്രത്തിൽ ഉയർന്നു നില്ക്കുന്ന ആദ്യത്തെ പ്രസിഡന്റ് ജോർജ് വാഷിംഗ്ടൺ ജനിച്ചത് 1732 ഫെബ്രുവരി 22.

പിറന്ന നാളിൻ പ്രാധാന്യത്തെയും അത് എങ്ങനെ ഓർമ്മപ്പെടുത്താം എന്നുള്ള വിഷയത്തെ ബൈബിളിൽ നിന്ന് അറിയുവാൻ ഈ ലേഖനത്തെ ഞാൻ എഴുതുന്നു. ഈ തലക്കെട്ടിന് യോജിച്ച ബൈബിൾ ഭാഗങ്ങളെ കഴിഞ്ഞ 10 ദിവസങ്ങളെ ഞാൻ ധ്യാനിച്ചു അത്ഭുതകരമായ പരിശീലനമായിരുന്നു. ഇത് ഉപദേശങ്ങളുമായി ബന്ധപ്പെട്ട ലേഖനമല്ല. ഞാൻ എഴുതുന്ന ലേഖനം നിങ്ങൾ സ്വീകരിക്കുന്നതോ എതിർക്കുന്നതോ അതു നിങ്ങളുടെ ഇഷ്ടം. പിറന്നാൾ വാക്യത്തെ എങ്ങനെ നാം മനസ്സിലാക്കി ദൈവത്തിന്റെ നാമത്തെ പുകഴ്ത്തണം എന്നു ബൈബിളിൽ നിന്നു അറിഞ്ഞത് എഴുതിയിരിക്കുന്നു. പിറന്നാൾ ആഘോഷിക്കാൻപാടില്ല എന്നുള്ള ചിന്ത നിങ്ങൾക്കുണ്ടായിരിക്കാം. എന്നാലും ഞാൻ എഴുതിയ ലേഖനം വായിച്ചു നോക്കുവിൻ അതു നിങ്ങൾക്കു പ്രയോജനപ്പെടും. ഞാൻ എഴുതുന്ന വേദഭാഗങ്ങൾ തീർച്ചയായും എടുത്തു വായിക്കണം.

**1. ദൈവത്തിന്റെ പദ്ധതി**

ഈ ലോകത്തിൽ ദൈവം നമ്മെ ജനിപ്പിച്ചതിനായി ദൈവത്തെ സ്തുതിക്കുന്നതിന് പിറന്നാൾ ഒരു പ്രധാന അവസരം. ഈ അടിസ്ഥാനത്തിൽ നാമെല്ലാവരും ദൈവത്തിന്റെ സന്തതിയാകുന്നു എന്നതും അവനിൽ നാം ഇരിക്കുന്നു എന്നതും നാം മറക്കാൻ പാടില്ല (അപ്പോ. 17:27,28).

**നമ്മുടെ ജനനം യാദൃശ്ചികമായി സംഭവിച്ചതല്ല. അതു ദൈവത്തിന്റെ നിയമനം**. നമ്മെ ജനിപ്പിച്ച നമ്മുടെ ശരണ ശൈലമായ പർവ്വതവും

പിതാവുമായ സർവ്വ വല്ലഭ ദൈവത്തെ മോശയുടെ പാട്ട് ആഘോഷിക്കുന്നു. മോശയുടെ പാട്ടു ആഘോഷിക്കുന്നതു വെളിപ്പെടുത്തുന്നു (അപ്പ. 32:18). അവനെ ഓർക്കാതിരിക്കാൻ പാടില്ല. അവനെ മറക്കാൻ പാടില്ല എന്നാം നാം കല്പിക്കപ്പെട്ടിരിക്കുന്നു. യാദൃശ്ചികമായി അല്ല. ദൈവത്തിന്റെ അനാദി തീരുമാനം മുഖാന്തരം നാം ഈ ലോകത്തിൽ ഇരിക്കുന്നു എന്നു ഓർത്ത് നാം ഓരോരോ പിറന്ന നാളിലും പുതുക്കണം.

**ഗർഭപാത്രത്തിൽ നിന്ന്**

നാം ജനിക്കുന്നതിനു മുമ്പേ നാം മാതാവിന്റെ ഗർഭപാത്രത്തിൽ ഉരുവാകും മുമ്പേ ദൈവം നമ്മെ അറിഞ്ഞിരിക്കുന്നു. പ്രവാചകൻ യിരെമ്യാവിനെ ദൈവം വിളിച്ചപ്പോൾ അവനോടു ആദ്യം പറഞ്ഞ വാക്ക് എന്ത് എന്നു ശ്രദ്ധിക്കുക. മാതാവിന്റെ വയറ്റിൽ നിന്നെ ഉണ്ടാക്കുന്നതിനു മുമ്പെ നിന്നെ ഞാൻ അറിഞ്ഞിരിക്കുന്നു. ഗർഭപാത്രത്തിൽ നിന്നു വെളിയിൽ വരും മുമ്പെ ഞാൻ നിന്നെ വേർതിരിച്ചു (യിരെ. 1:4,5). ശിംശോന്റെ കാര്യവും ഇങ്ങനെ തന്നെ. അവന്റെ അമ്മയുട ഗർഭപാത്രത്തിൽ നിന്നു പുറത്തു വന്നതു മുതൽ അവൻ ദൈവത്തിനു നസീറായിരിക്കും എന്നു ശിംശോന്റെ അമ്മയോട് കർത്താവിന്റെ ദൂതൻ പറഞ്ഞു (ന്യായ. 13:5,7). അപ്പോ. പൌലൂസ് പറയുന്നതു കേൾപ്പിൻ. ഞാൻ എന്റെ അമ്മയുടെ വയറ്റിൽ ഇരുന്നതു മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ എന്നെ വിളിച്ചു (ഗലാ. 1:15). തലമുറതലമുറയായി ജനിക്കാനുള്ള സന്തതിയായും നാം ദൈവത്തിനു സാക്ഷിയായിരിക്കണം എന്നു ദൈവത്തിന്റെ ഹൃദയത്തിലെ ആഗ്രഹം (സങ്കീ. 78:6).

**ആകാരവടിവ്**

ജീവിതത്തിന്റെ ആശീർവാദങ്ങളിൽ ഒന്നും നാം സാധാരണമായി എടുക്കാൻ പാടില്ല. ഏത് ദാനവും പൂർണ്ണമായത്. ഏത് വരവും പരലോകത്തിലെ പിതാവിൽ നിന്ന് ഇറങ്ങി വരുന്നത് (യാക്കോ. 1:17). അതിനായി സ്തോത്രം ചെയ്യണം. നാം ജനിക്കുമ്പോൾ ശരീരത്തിൽ ഒരു കുറവുമില്ലാതെ ജനിച്ചതിനായി താഴ്മയോടെ ദൈവത്തെ സ്തുതിക്കുന്നതു ആവശ്യമാണ്. ദാവീദ് ദൈവത്തിന് മുമ്പിൽ എങ്ങനെ സ്തുതിച്ചു എന്നു ശ്രദ്ധിക്കുക. ദൈവമേ എന്റെ ഉൾ അവയവങ്ങളെ ഉണ്ടാക്കിയവൻ നീയാണ് എന്നെ

ജനിപ്പിച്ചതുകൊണ്ടു ഞാൻ നിന്നെ സ്തുതിക്കുന്നു. നിന്റെ പ്രവർത്തികൾ അതിശയമായതാണ് (സങ്കീ. 139:13–14). ഇങ്ങനെ ദാവീദ് ദൈവത്തെ സ്തുതിച്ചശേഷം തുടർന്ന് പറയുന്നതെന്തെന്നാൽ ഇത് എന്റെ മനസ്സിന് നന്നായി അറിയാം. മുടന്തനായിരുന്ന മെഫിബോശേത്തിനെ തന്റെ ഊണുമേശയിൽ എടുത്തുകൊണ്ടു വരുമ്പോഴെല്ലാം ദാവീദ് തന്നെ നന്ദിയോടെ ഓർത്തു ദൈവത്തെ സ്തുതിച്ചിരിക്കും (2 ശമു. 9:10–13). ദൈവസഭക്കാരനായ യോബിന്റെ ചിന്തയും ഇതു തന്നെ. എന്നെ കുശവനെപ്പോലെ വടിവൊത്ത് മെനഞ്ഞത് നിന്റെ കൈകൾ തന്നെ. എനിക്ക് ഒരു ജീവിതവും എന്റെ ഉള്ളിൽ മനസ്സലിവും ഉണ്ടാക്കി തന്നവൻ നീ തന്നെ. എന്റെ ജീവശ്വാസത്തെ നിന്റെ കരുതലാൽ സൂക്ഷിച്ചു (യോബ് 10:8, അപ്പോ. 1:12). ഈ അറിവു തന്നെ അവനെ കുരുടർക്കു കണ്ണുകളും കുരുടർക്കു കാലുകളും ആക്കി (യോബ് 129:15). നമ്മുടെ ശരീരത്തിലെ അതിശയ കാര്യങ്ങളെ ആർക്കും വിവരിക്കാൻ കഴിയില്ല. ഉദാഹരണത്തിന് നമ്മുടെ കണ്ണുകൾക്കു തുല്യമായ ക്യാമറകൾ ഈ നവീന ലോകത്തിൽ എവിടെയെങ്കിലും ഉണ്ടോ? നമ്മുടെ തലച്ചോറിനോടു മത്സരിക്കാൻ പറ്റിയ കമ്പ്യൂട്ടർ ഉണ്ടോ? അതുപോലെ നമ്മുടെ ഹൃദയം പോലെ ഒരു മെയിന്റനൻസും ഇല്ലാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പമ്പ് ഈ ലോകത്തിൽ എവിടെയെങ്കിലും ഉണ്ടോ? ഗർഭപാത്രത്തിൽ എങ്ങനെ എല്ലുകൾ ഉണ്ടാകുന്നതെന്നു ആർക്കും അറിഞ്ഞുകൂടാ. ജ്ഞാനിയായ ശലോമോന് അത് അതിശയമായിരി ക്കുന്നു (സഭാ. 11:5).

**അംഗവൈകല്യം ഉള്ള കുഞ്ഞുങ്ങൾ**

എന്റെ അവയവങ്ങൾ ഒരു കേടുപാടും ഇല്ലാതെ ഞാൻ ജനിച്ചതിന് ഇടവിടാതെ ദൈവത്തെ സ്തുതിക്കാൻ എന്റെ ഉള്ളത്തിൽ ഉള്ള ഉണർവ്വ്, ഞാൻ വെല്ലൂർ സി.എം.സി. ആശുപത്രിയിൽ 1971 മുതൽ 1975 വരെ ഒരു സിവിൾ എഞ്ചിനീയറായി ജോലി ചെയ്ത കാലത്തിൽ തന്നെ എനിക്കു മനസ്സിലായത്. പലവിധമായ കുറവുകളോടു ജനിച്ച കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു പ്രസവ വാർഡിൽ നിന്നു കണ്ണുനീരോടെ വെളിയിൽ പോയതു കണ്ടപ്പോഴെല്ലാം എന്റെ ഹൃദയം തകർന്നുപോയി. കാഴ്ചയില്ലാത്ത കണ്ണുകൾ, പിളർന്ന ചുണ്ടുകൾ, വരണ്ട കൈകൾ, വളഞ്ഞ പാദങ്ങൾ അയ്യോ കൂടുതൽ ഇതിനെക്കുറിച്ചു

വിവരിക്കാൻ എനിക്കു ഇഷ്ടമില്ല. ചിലർ പറയും ഭക്തിയുള്ള മാതാപിതാക്കൾക്ക് നല്ല കുഞ്ഞുങ്ങൾ ജനിക്കുന്നു. അപ്പന്റെയോ അമ്മയുടെയോ ഭക്തിയില്ലായ്മ കൊണ്ടു അംഗഹീനരായ കുഞ്ഞുങ്ങൾ ജനിക്കുന്നു എന്നു നാം അഭിപ്രായം പറയാൻ പാടില്ല. മണ്ടത്തരമായ ഈ ചിന്ത നമുക്കു പലർക്കും ഇപ്പോഴും ഉണ്ട്. ഇത് നമ്മുടെ ദൈവം എപ്പോഴോ തിരുത്തി (യോഹ. 9:1–3). അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരുത്തനെത്തന്നെ ദൈവം സുഖമാക്കി പുതിയ നിയമസഭയുടെ ഒന്നാമത്തെ അത്ഭുതമായി സംഭവിച്ചു (അപ്പൊ. പ്ര. 3:1–10). മറ്റൊരു മുടന്തന് കിട്ടിയ അത്ഭുത സൗഖ്യം ആ സ്ഥലത്തെ തന്നെ കുലുക്കി (അപ്പൊ. പ്ര. 14:1–10).

**പാരമ്പര്യ ശാപം**

പാരമ്പര്യ പാപം എന്ന ഉപദേശത്തിനു ബൈബിളിൽ സ്ഥാനം ഇല്ല. അടുത്ത തലമുറ ദൈവത്തെ പകക്കുന്നവർ ആയിരുന്നാൽ അവർ ശിക്ഷിക്കപ്പെടും (പുറ. 20:5). അപ്പനുവേണ്ടി മകൻ ശിക്ഷിക്കപ്പെടുന്നില്ല. ഓരോരോ വ്യക്തിക്കും അവരവരുടെ പാപങ്ങൾക്കു മാത്രം ഉത്തരവാദിത്വം (അപ്പ. 24:16, 2 രാജാ. 14:6, 2 ദിന. 25:4). പുളിങ്ങ കഴിച്ചാൽ എന്റെ പല്ലുതന്നെ പുളിക്കും എന്റെ പിള്ളാരുടെ പല്ലു എന്തുകൊണ്ടു പുളിക്കും? കഴിച്ചതു ഞാനല്ലേ (യെഹെ. 18:1–4, 19:20). പുതിയ ഉടമ്പടിയിൽ അനുഗ്രഹത്തെക്കുറിച്ചു താഴ്ത്തിക്കാണരുത് (യിരെ. 31;29–34, എബ്രാ. 8:8–12, 10:16–17). പാപത്തോടു ജീവിച്ച താമാർ വേശ്യയായിരുന്നാലും ദാവീദിന്റെ വംശാവലിയിൽ വന്നല്ലോ? (മത്താ. 1:3,5). പാരമ്പര്യശാപം എന്ന ഉപദേശം പറയുന്ന ഒരു ദൈവവേലക്കാരുടെ ആരുടേയും അടുത്തു നിങ്ങൾ പോകരുത്. ഇങ്ങനെയുള്ള ദൈവവേലക്കാരുടെ കയ്യിൽ ഇങ്ങനെയുള്ള തെറ്റായ ഉപദേശങ്ങൾ ധാരാളമായി ഉണ്ടായിരിക്കും. മാതാപിതാക്കൾ ദൈവഭക്തി ഇല്ലാത്തവരായിരുന്നാലും കുഞ്ഞുങ്ങൾ വിശുദ്ധരായിരിക്കും എന്നു വേദപുസ്തകം പറയുന്നു (1 കൊരി. 7:14). ഹിജഡകൾ (Transgender) കുള്ളർ (Darff) ഇങ്ങനെയുള്ളവരെ നിങ്ങൾ കാണുമ്പോൾ കളിയാക്കരുത് (വെറുക്കരുത്) അവരുടെ സ്ഥാനത്ത് നിങ്ങളെ വെച്ചു നോക്ക് താനേ അവരുടെമേൽ മനസ്സലിവു തോന്നും. ദാനിയേൽ ഒരു ഷണ്ഡൻ (Unick) എന്നത് നിങ്ങൾക്കറിയാമോ (ദാനി. 1:3,7; മത്താ. 19:12). എന്നാലും ഗബ്രിയേൽ ദൂതൻ അവനെ നോക്കി നീ ഏറ്റവും പ്രിയപ്പെട്ടവൻ

(ദാനി. 9:3) എന്നു പറഞ്ഞു. സക്കായി ഒരു കുള്ളനായിരുന്നു. യേശു അവനെ നോക്കി നീ അബ്രഹാമിന്റെ പുത്രൻ എന്നു പറഞ്ഞു (ലൂക്കോ. 19:3,9). ആർ. സ്റ്റാൻലി ആയ ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ ക്ലാസിൽ ഒന്നാം സ്ഥാനക്കാരനായിരുന്നു. ക്ലാസ് ലീഡറായും ഇരുന്നു. അതുകൊണ്ടു എന്റെ ഉള്ളിൽ ഉണ്ടായ അഹംഭാവം കാരണം കൂനനായിരുന്ന എന്റെ ക്ലാസിലെ കുട്ടിയെ വളരെ അലക്ഷ്യമായി നടത്തി (ഇതു സംഭവിച്ചത് 1960 –ാം വർഷം). എനിക്ക് രക്ഷയുടെ അനുഭവം ലഭിച്ചപ്പോൾ (1962). ആ കൂനന്റെ വീട്ടിൽ ചെന്ന് അവന്റെ അടുത്തും അവന്റെ മാതാപിതാക്കളുടെ അടുത്തും മാപ്പു ചോദിച്ചു. ലോകം മുഴുവനും Spiritual Leadership നയിക്കുന്ന Haggai Institute ന്റെ leader Dr. John Haggai തലച്ചോറിൽ രോഗിയായ തന്റെ മകനെ (1950–1970) വരെ വീൽ ചെയറിൽ ഇരുത്തി തന്റെ മീറ്റിംഗിനെല്ലാം കൊണ്ടു വരും. തമിഴ്നാട്ടിൽ Word for the world എന്ന സ്ഥാപനത്തിന്റെ സ്ഥാപകൻ Mr. Augustine nagir അവർകൾ 40 വയസ്സുള്ള മകനെ വീൽ ചെയറിൽ ഇരുത്തി 1977–ാം വർഷം ബില്ലിഹാം യോഗത്തിന് കൂട്ടിക്കൊണ്ടു വന്നു. ഇദ്ദേഹമാണ് ഡോ. ബില്ലിഗ്രഹം അവർകളുടെ പ്രസംഗം പരിഭാഷ ചെയ്തത്.

കുരുടർ, ചെകിടർ, തലച്ചോർ വളർച്ച ഇല്ലാത്തവർ അനാഥർ തുടങ്ങിയവരുടെ വീടുകൾ, അനാഥാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിങ്ങളുടെ പിറന്നാൾ ഗിഫ്റ്റ് എടുത്തു കൊണ്ടു ചെന്ന് അവരോടുകൂടെ സന്തോഷിപ്പിൻ. ആ സമയത്തിൽ നിങ്ങളുടെ അവയവങ്ങൾ നല്ലതാക്കി തന്നതുകൊണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടു വീട്ടിലേക്കു വരുവിൻ. എയ്ഡ്സ് രോഗികളായ കൊച്ചുകുട്ടികൾ മദർ തെരേസാ (മിഷനറീസ് ഓഫ് ചാരിറ്റി) വളർത്തുന്ന കുഞ്ഞുങ്ങളെയും ഓർത്തുകൊൾവിൻ. ആ കുഞ്ഞുങ്ങളെ ചവറ്റുകൊട്ടയിൽ നിന്ന് എടുത്ത് അവർക്ക് ആഹാരം കൊടുത്തു വളർത്തുന്നു. നിങ്ങളുടെ പിറന്നാൾ മുകളിൽ പറഞ്ഞ എല്ലാവരേയും ഓർത്ത് നിങ്ങളെ താരതമ്യപ്പെടുത്തി ദൈവത്തെ സ്തുതിപ്പിൻ.

**ഗർഭം മുതൽ ശരീരത്തിൽ വൈകല്യം ഉള്ളവർ**

ചില മരണങ്ങൾ ഞാൻ കണ്ടിരിക്കുന്നു. ജനിച്ചപ്പോൾ ചാപിള്ളയായി ജനിച്ചവരുടെ അടക്കാരാധന ഞാൻ കണ്ടിരിക്കുന്നു (യോബ് 3:16; സങ്കീ. 58:8). ആ

അവസരങ്ങളിൽ നിലവിളിച്ച് കരയുന്ന മാതാപിതാക്കളെ കണ്ടു ഞാൻ കണ്ണുനീർ ഒഴുക്കിയിരിക്കുന്നു. മാസം തികയാതെ പ്രസവിക്കുന്നത്, ജനിക്കുമ്പോഴേ അംഗവൈകല്യം, ഇവ സാധാരണ വിഷയമല്ല. അപ്പോസ്തലനായ പൌലൂസ് ഒരു അംഗവൈകല്യം ഉള്ള കുഞ്ഞായി ജനിച്ചിരിക്കും എന്നു എനിക്കു തോന്നുന്നു (1 കൊരി. 15:8). ഇങ്ങനെയുള്ള കുഞ്ഞുങ്ങളെ വളർത്തുന്ന മാതാപിതാക്കളുടെ പാടു പെടാപ്പാടുതന്നെ. ചില വർഷങ്ങൾക്കു മുമ്പു വരെ പ്രസവങ്ങളെല്ലാം പതിച്ചികളെ വച്ചു നടത്തും. ആശുപത്രിയിൽ കൊണ്ടു പോകുന്നതു വളരെ ചുരുക്കം. അന്നത്തെക്കാലത്തിൽ ഇങ്ങനെയുള്ള പാവപ്പെട്ട കുടുംബത്തിൽ ഉള്ള പ്രസവങ്ങളെ നോക്കാൻ വേണ്ടി എന്റെ വല്യമ്മ കല്യാണം കഴിക്കാതെ അവസാനം വരെ ഈ സേവനം ചെയ്തു (1911 – 1989). എന്റെ വല്യമ്മ വിരുതുനഗർ എന്ന സ്ഥലത്ത് ആയിരക്കണക്കായ പാവങ്ങളുടെ പ്രസവങ്ങൾ നടത്തിയിരിക്കുന്നു. അന്നത്തെ മുഖ്യമന്ത്രി കാമരാജ് അവർകളുടെ ബന്ധുക്കൾ പലരുടെ പ്രസവം വല്യമ്മയാണ് നോക്കിയത്. അതുകൊണ്ട് എനിക്കു ലഭിച്ച ആദ്യത്തെ കുഞ്ഞ് എന്റെ ഭാര്യയുടെ വയറ്റിൽ ഇരുന്നപ്പോൾ എന്റെ ഭാര്യയുടെ കുടുംബത്തിൽ ഉള്ളവർ ഭാര്യയുടെ പ്രസവം വീട്ടിൽ വച്ചു നടത്താം എന്നു തീരുമാനിച്ചു. ആദ്യത്തെ പ്രസവം ആയതുകൊണ്ട് പ്രസവം വളരെ കഠിനമായിരുന്നു. ആ പ്രസവത്തിൽ ഞങ്ങളുടെ മകൾ ഇവാഞ്ചലിന്റെ വലതുകൈക്കു കുഴപ്പം ഉണ്ടായി. ഇന്നുവരെ അവളുടെ വലതുകൈ ചെറുതായും ബലമില്ലാതെയും ഇരിക്കുന്നു. ഞങ്ങളുടെ മകളെ കാണുമ്പോഴെല്ലാം മാതാപിതാക്കളായ ഞങ്ങളുടെ മനോവേദനയെ വിവരിക്കാൻ പറ്റില്ല. എന്നിരുന്നാലും എന്റെ ഭാര്യ ഡോ. ലിലിയൻ സ്റ്റാൻലി കുഞ്ഞുങ്ങളെ നോക്കുന്ന ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റായി വെല്ലൂർ സി.എം.സി. യിൽ ജോലി നോക്കിയിരുന്നു. ബൈബിൾ വഴിയായി ഞാൻ അറിഞ്ഞ വിഷയങ്ങൾ മാത്രമല്ല ജീവിതത്തിൽ ഞാൻ അനുഭവിച്ച വിഷയങ്ങൾ ധാരാളം അതുമാത്രമല്ല ഞാൻ കണ്ട പല കാര്യങ്ങൾ ഓർക്കുമ്പോൾ ദൈവം എനിക്കു തന്ന ഊനമില്ലാത്ത ശരീരത്തിനായി ദൈവത്തെ സ്തുതിക്കുന്നു. പ്രത്യേകമായി എന്റെ പിറന്നാൾ നന്ദിയോടെ സ്തുതിക്കാൻ ഞാൻ മറക്കുന്നില്ല. നല്ല നിറമോ കറുപ്പോ ഉയരമോ പൊക്കക്കുറവോ മെലിഞ്ഞോ വണ്ണംകൂടിയോ എങ്ങനെയിരുന്നാലും ദൈവം നിങ്ങളെ എങ്ങനെ ഉണ്ടാക്കിയോ ആ ശരീരത്തിനു നിങ്ങൾ തൃപ്തരായിരിക്കുന്നതു

നിങ്ങൾക്ക് നല്ലത്. നിങ്ങൾക്കു ഏതു നല്ലത് ഏത് പ്രത്യേകമായത് എന്നു ദൈവം അറിയുന്നു. മറ്റുള്ളവരോടു നിങ്ങളെ താരതമ്യപ്പെടുത്തരുത് സൗന്ദര്യം എന്നു പറയുന്നത് വെറും തൊലി മാത്രം.

**പ്രസവ വേദന**

നിങ്ങളുടെ പിറന്നാൾ സമയം നന്ദിയോടെ ഓർക്കേണ്ടതു നിങ്ങളുടെ അമ്മയെയാണ്. പ്രസവവേദന പോലെ കഠിന വേദന വേറെ ഒന്നും ഇല്ല. ഹവ്വ പാപത്തിൽ വീണതിന്റെ ശാപത്തിന്റെ ഒരംശം മാത്രമാണ് ഈ പ്രസവവേദന. ഇതിൽ നിന്ന് ഇന്നും നാം ആരും രക്ഷപ്പെട്ടിട്ടില്ല (ഉല്പ. 3:14). ന്യായപ്രമാണത്തിന്റെ ശാപം ഒന്നിൽ നിന്നും മാത്രം നാം രക്ഷപ്പെട്ടിരിക്കുന്നു (ഗലാ. 3:10,13; റോമ. 8:19–23). ബൈബിളിൽ പല സ്ഥലങ്ങളിൽ പ്രസവവേദനയെക്കുറിച്ച് എഴുതിയിട്ടുണ്ട് (യെര. 13:8, 21:3, 42:14; യിരെ. 13:21, 22:23; ഹോശെയാ 13:13; മീഖ. 4:10; ഗലാ. 4:19). വരാനിരിക്കുന്ന മഹാ ഉപദ്രവത്തെ (Great Tribulation) യേശു പ്രസവവേദനയെ താരതമ്യപ്പെടുത്തി പറഞ്ഞു (മത്താ. 24:8; മർക്കോ. 13:8; യോഹ. 16:21). ഇത്തരത്തിൽ തന്നെ പൌലൂസും മനസ്സിലാക്കിയിരുന്നു (1 തെസ്സ. 5:3). ദൈവത്തിന്റെ അളവില്ലാത്ത കൃപയാണ് നമ്മുടെ അമ്മമാരെ പ്രസവത്തിൽ രക്ഷപ്പെടുത്തിയത് (1 തിമൊ. 2:14,15). നാം കുഞ്ഞായിരുന്നപ്പോൾ നമ്മുടെ അമ്മ തന്റെ സ്നേഹം നിമിത്തം നമ്മെ മാറോടണച്ചു എത്ര രാത്രികൾ ഉണർന്നിരിക്കും. ഒന്നുരണ്ടു പ്രസവങ്ങൾ കഴിഞ്ഞ് ഗർഭപാത്രത്തിലെ പ്രശ്നങ്ങളോടെ അവർ ജീവിച്ചിരുന്നു. പുരുഷന്മാർ തന്നെ പ്രസവിക്കണം എന്നു ഉണ്ടായിരുന്നാൽ അടുത്ത കുഞ്ഞ വേണ്ട എന്നു പറഞ്ഞിരിക്കും. പാൽ കൊടുക്കുന്ന അമ്മയെപ്പോലെയാണ് ദൈവത്തിന്റെ സ്നേഹം എന്നു ദൈവം പറഞ്ഞിരിക്കുന്നു. എന്നെ പ്രസവിച്ച അമ്മക്കുവേണ്ടി ദൈവത്തെ സ്തുതിക്കാൻ എന്റെ പിറന്നാളിൽ എന്റെ അമ്മക്കുവേണ്ടി ഞാൻ സ്തോത്രം ചെയ്യും.

**അമ്മയും അപ്പനും**

തന്നെ പ്രസവിച്ച അമ്മയെക്കാണാത്ത കുഞ്ഞുങ്ങൾ ധാരാളം ഉണ്ട് അറിയുമോ നിങ്ങൾക്ക് (യെശ. 37:3). പ്രസവത്തിന്റെ സമയത്ത് മരണം എന്നുള്ളത് ഗ്രാമങ്ങളിൽ ധാരാളം ഉണ്ട്. യോസെഫിന്റെ സഹോദരൻ

ബെഞ്ചമിന്റെ അമ്മ റാഹേൽ പ്രസവത്തിൽ മരിച്ചു (ഉല്പ. 35:18). ഇതു വായിക്കുന്ന നിങ്ങളുടെ മാതാപിതാക്കൾ ജീവനോടെ ഉണ്ടെങ്കിൽ നേരിട്ടു കണ്ടോ ഫോൺ വഴിയോ നന്ദി പറയുവിൻ അങ്ങനെ നിങ്ങളുടെ അമ്മയെ ഈ വിധത്തിൽ ബഹുമാനിക്കുന്നതു നിങ്ങളുടെ ജീവിതത്തെ നന്നാക്കും (എഫെ. 6:1–3, പുറ. 20:12). നിങ്ങൾ അവരെ പുകഴ്ത്താൻ മറക്കുന്നതു അവരെ ശപിക്കുന്നതിനു സമം (യെശ. 45:10). അമ്മയോടു അടുത്തിരുന്ന് നിങ്ങൾ ജനിച്ച വിധത്തെ വ്യക്തമായി ചോദിച്ചറിഞ്ഞു കൊൾവിൻ. നമ്മെ പ്രസവിക്കാൻ അവർ എത്രയോ കാലം പ്രാർത്ഥിച്ചിരിക്കും. റിബേക്കാ പ്രസവിക്കാൻ ഇസഹാക്ക് ദൈവത്തോട് കെഞ്ചി പ്രാർത്ഥിച്ചു (ഉല്പ. 22:2). തനിക്ക് ഒരു കുഞ്ഞ് വേണം എന്ന് ഹന്നാ ദൈവത്തോടു കരഞ്ഞ് അപേക്ഷിച്ചു (1 ശമു. 1:10, 20). കുഞ്ഞു ജനിക്കുന്ന പ്രായം കടന്നുപോയിട്ടും സഖരിയാവും എലിസബത്തും കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു (ലൂക്കോ. 1:5–7, 13,36) ഇന്നത്തെക്കാലം പോലെയല്ല അന്നത്തെക്കാലത്തിൽ ഓരോ കുഞ്ഞും ദൈവം തരുന്ന ദാനം എന്നു മാതാപിതാക്കൾ കരുതി. അബ്രഹാമിനു ഇസഹാക്കിനെ ദൈവം കൊടുത്തു (യോശു. 24:3). ദൈവം തന്നെ യിസഹാക്കിനു യാക്കോബിനെയും ഏശാവിനെയും കൊടുത്തു (യോശു. 24:4). യാക്കോബു തന്റെ കുഞ്ഞുങ്ങളെ ദൈവം തന്ന കുഞ്ഞുങ്ങൾ എന്നു ഏശാവിനു പരിചയപ്പെടുത്തി യോസേഫ് യാക്കോബിനോടു സംസാരിക്കുമ്പോൾ തന്റെ കുഞ്ഞുങ്ങളെക്കാണിച്ച് ഇവർ എല്ലാരും ദൈവം എനിക്കു തന്ന കുഞ്ഞുങ്ങൾ എന്നു പരിചയപ്പെടുത്തി. മക്കൾ യഹോവ നല്കുന്ന പ്രതിഫലവും ഉദരഫലം അവൻ തരുന്ന അവകാശവും ആകുന്നു (സങ്കീ. 127:4). നിങ്ങൾ ജനിക്കും മുൻപ് അല്ലെങ്കിൽ ജനിച്ചപ്പോൾ നിങ്ങളുടെ മാതാപിതാക്കൾ ദൈവത്തിനു ചെയ്ത വാഗ്ദത്തം നേർച്ചകൾ എന്താണെന്നു ചോദിച്ചറിയുവിൻ. ഇതിനെ വായിക്കുന്ന സഹോദരി നീ ഗർഭിണിയായിരുന്നാൽ നിന്റെ ഗർഭപാത്രത്തിൽ വളരുന്ന കുഞ്ഞിനെ ദൈവം തൊട്ടനുഗ്രഹിക്കാൻ പ്രാർത്ഥിക്കുക.

**യേശുക്രിസ്തുവിൽ പിറന്നാൾ**

പിറന്നാൾ ആഘോഷങ്ങൾ ലോകപ്രകാരമായതു എന്നു വിശ്വസിക്കുന്ന ചിലർ ഉണ്ട്. ദൈവം തന്റെ പുത്രന്റെ പിറന്നാൾ എത്ര ആഘോഷിച്ചു എന്നു വായിച്ചു നോക്കുവിൻ കുഞ്ഞിനെ കാണാൻ പിതാവ് എത്രപേരെ അയച്ചു.

പരലോകത്തിൽ നിന്നു ദൂതന്മാരെ അയച്ചു. ലോകത്തിന്റെ അറ്റത്തിൽ നിന്നു ജ്ഞാനികളെ അയച്ചു. ലോകത്തിനു വലിയ സന്തോഷം ഉണ്ടാക്കുന്ന സദ്വാർത്ത എന്നു ദൈവദൂതൻ അറിയിച്ചു (ലൂക്കോ. 2:9,10). അത്യുന്നതത്തിൽ ദൈവത്തിനു മഹത്വം എന്നു ദൂതന്മാർ ഘോഷിച്ചു (ലൂക്കോ. 2:13). തന്റെ മകനെ മുത്തമിട്ട് (പിതാവ്) പറഞ്ഞത് ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു. ഇങ്ങനെ പിതാവായ അപ്പന്റെ പിറന്നാൾ ആശംസകൾ ബൈബിളിൽ നാലു സ്ഥലത്ത് കാണുന്നു (സങ്കീ. 2:7; ജോഷ്വാ 13:32; എബ്രാ. 1:5, 5:5). പിറന്നാൾ ഗിഫ്റ്റായി പിതാവായ ദൈവം വാഗ്ദത്തം ചെയ്തത് എന്താണെന്നു നോക്കുവിൻ. നീ എന്റെ മകൻ നിന്നെ ഇന്നു ഞാൻ സ്വത്താക്കും ഈ ലോകത്തിന്റെ അവസാനം വരെ അത് സ്വന്തമായി തരും (സങ്കീ. 2:7,8).

**പിറന്നാൾ പ്രാർത്ഥന**

ലോകം ഉണ്ടാകുന്നതിനുമുമ്പും എന്റെ അമ്മയുടെ വയറ്റിൽ ഞാൻ ഉണ്ടാകുന്നതിനുമുമ്പും എന്നെ അറിഞ്ഞ ദൈവമേ. എന്റെ ജീവിതത്തിൽ ഒരു പുതിയ വർഷം കാണാൻ സാധിച്ചതിൽ സ്തുതിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെല്ലാം, അതിനെക്കാൾ കഴിഞ്ഞ വർഷം, എന്റെ ജീവിതത്തിൽ തന്ന മനസ്സലിവിനും കാത്തതിനും ഞാൻ എത്ര അങ്ങയെ സ്തുതിക്കും. നിന്റെ മനസ്സലിവിനു അവസാനം ഇല്ല കർത്താവേ. അതു രാവിലെ തോറും പുതിയതായിരിക്കുന്നു. ദൈവമേ അങ്ങ് പ്രതീക്ഷിച്ച അനുസരണവും വിശുദ്ധിയും ഞാൻ കാണിച്ചില്ല ക്ഷമിക്കണമേ. അങ്ങയുടെ മെല്ലിച്ച ശബ്ദത്തെ അവഗണിച്ചു വേദപുസ്തകത്തെ വായിക്കുവാൻ സമയം ചിലവഴിച്ചിട്ടില്ല. ദിവസവുമുള്ള എന്റെ പ്രാർത്ഥന വളരെ വേഗത്തിലായിപ്പോയി. ദൈവവേലയിൽ എന്റെ പ്രവർത്തനം പോരാ. അങ്ങയുടെ മനസ്സിനെ പല പ്രാവശ്യവും ഞാൻ വേദനിപ്പിച്ചു എനിക്കു മാപ്പു തരണമേ. എന്നോടു ക്ഷമിക്കേണമേ. എന്നോടു ദേഷ്യപ്പെടരുത്. എന്റെ ജീവിതത്തിൽ അന്നും ഇന്നും ആശീർവാദമായിരിക്കുന്ന എന്റെ കുടുംബത്തെ അനുഗ്രഹിക്കണമേ. എന്നെ പ്രസവിച്ചവർക്കായി ഞാൻ സ്തുതിക്കുന്നു.

എന്റെ ഭാവികാലത്തെ ഏറ്റെടുക്കണമേ എന്നെ എന്തിനുവേണ്ടി ഈ ലോകത്തിൽ സൃഷ്ടിച്ചോ അതു നിറവേറ്റണമേ. ഈ പിറന്നാൾ അങ്ങേയ്ക്കു പുകഴ്ചയും എനിക്കു സന്തോഷവും ഉണ്ടാകട്ടെ.

# റിപ്പബ്ലിക്ക് ദിന ആശംസകൾ





1947–ാം വർഷം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും നിയമങ്ങൾ പ്രാബല്യത്തിൽ വന്നിരുന്നില്ല. അതുകൊണ്ട് 1950–ാം വർഷം ഇന്ത്യാ ദേശത്തിന്റെ ഭരണ നിയമം ഡോക്ടർ അംബേദ്കർ പോലുള്ള നിയമവിദഗ്ദ്ധരെല്ലാം ചേർന്ന് ഉണ്ടാക്കിയ നിയമങ്ങൾ പരിചയപ്പെടുത്തിയശേഷം പ്രസിഡന്റ്, പ്രധാനമന്ത്രി തുടങ്ങിയ പദവികൾക്ക് ആളുകൾ തിരഞ്ഞെടുക്കപ്പെട്ടു. അതിന് ശേഷമാണ് ഇന്ത്യ ഗവൺമെന്റ് രൂപീകരിക്കപ്പെട്ടത്. അതിന്റെ ആരംഭദിവസമായി ജനുവരി 26–ാം തീയതി റിപ്പബ്ലിക്ക് ഡേയായി ആഘോഷിക്കപ്പെടുന്നു. ജനങ്ങൾ കാശ്മീരിൽ നിന്നും – കന്യാകുമാരി വരെ പല ആയിരക്കണക്കിന് വ്യത്യസ്തമായ ഭാഷകൾ സംസാരിക്കുന്നവരാണ്. പല മതങ്ങളിലും, വർഗ്ഗങ്ങളിലുമുള്ള ജനങ്ങൾ ഒരുമിച്ച് പോരാടി ജീവത്യാഗം ചെയ്തും ജയിൽ ശിക്ഷ അനുഭവിച്ചും വാങ്ങി തന്ന സ്വാതന്ത്ര്യ ഇന്ത്യയെ ഇന്ത്യയിലുള്ള ജനങ്ങളെക്കൊണ്ടുതന്നെ ഭരിക്കാൻ ലഭിച്ച ഈ സന്തോഷ ദിവസത്തെ റിപ്പബ്ലിക്ക് ദിനമായി ആഘോഷിക്കുന്ന ഇന്ത്യൻ ജനതയെ ജാമക്കാരൻ വായനക്കാരുടെ പേരിൽ ഞാൻ ആശംസകൾ അറിയിക്കുന്നു. ഇന്ത്യ ഭരിക്കുന്നവർക്കും ആശംസകൾ അറിയിക്കുന്നു.

- Dr. Pushparaj

**JANUARY -2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.